ഡി3/383/എസ്.റ്റി.എ/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം-695014
തീയതി-08/01/2015

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ട്രാൻസ്പോർട്ട് ഭവൻ, കിഴക്കേക്കോട്ട
തിരുവനന്തപുരം-

സർ

വിഷയം: - മോട്ടോർ വാഹന വകുപ്പ്- - സ്വകാര്യ സൂപ്പർ ക്ലാസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ഏറ്റെടുക്കുന്നത് സംബന്ധിച്ച്

സൂചന: - 1. റിട്ട് അപ്പീൽ നമ്പർ 667/2014ലെ 1 A No 1311/2014-23-12-2014 ലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്

3. 27/12/2014ലെ കെ.എസ്.ആർ.ടി.സി മാനേജിംഗ് ഡയറക്ടറുടെ ടിആർ1-003900/2014 നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സ്വകാര്യ സൂപ്പർ ക്ലാസ്സ് സർവ്വീസ്സുകളുടെ ഫയലുകൾ നിലവിൽ ബന്ധപ്പെട്ട ആർ.ടി.എ കളുടെ കൈവശമാണ്. മാത്രമല്ല ബന്ധപ്പെട്ട പെർമിറ്റുകളുടെ റൂട്ടും സമയവും ശരിയാണോ എന്നും പരിശോധിക്കേണ്ടതുണ്ട്. ആയത് ശരിയാണെങ്കിൽ മാത്രമേ കെ.എസ്.ആർ.ടി.സി ക്ക് പെർമിറ്റ് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. കെ.എസ്.ആർ.ടി.സിക്ക് അന്തർ ജില്ല പെർമിറ്റ് കൊടുക്കേണ്ട അധികാരി സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി ആണെങ്കിലും ടി അധികാരം ആർ.ടി.ഒ നാഷണലൈസിഡ് സെക്ടറിന് ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുള്ളതാണ്.

ആയതിനാൽ സ്വകാര്യ സ്റ്റേജ് കാര്യേജുകൾ സർവ്വീസ് നടത്തിയിരുന്ന അതേ റൂട്ടിൽ തന്നെയാണോ കെ.എസ്.ആർ.ടി.സി അപേക്ഷ നൽകുന്നത് എന്ന് സ്ഥിരീകരിക്കുന്നതിനായി അതാത് ആർ.ടി.എകൾക്ക് കെ.എസ്.ആർ.ടി.സി അപേക്ഷ സമർപ്പിക്കേണ്ടതും ടി അപേക്ഷ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി അതേ ദിവസം തന്നെ ആർ.ടി.ഒ നാഷണലൈസിഡ് സെക്ടറിന് നേരിട്ടോ, കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥർ മുഖേനയോ എത്തിച്ചു കൊടുക്കേണ്ടതും, ആർ.ടി.ഒ നാഷണലൈസിഡ് സെക്ടർ ഉടൻ തന്നെ ടി അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതുമാണ്. സൂചന 2ലെ കത്തിൽ കെ.എസ്.ആർ.ടി.സി മാനേജിംഗ് ഡയറക്ടർ രേഖപ്പെടുത്തിയിട്ടുള്ള പെർമിറ്റുകളിലും ഇതേ നടപടിക്രമങ്ങൾ തുടരേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്/-
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ്:- എല്ലാ ഡി.റ്റി.സി, എല്ലാ ആർ.ടി.ഒ മാർക്കും